# പതിമൂന്നാം കേരള നിയമ സഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 213** — **10.12.2012 ന് മറുപടിയ്ക്ക്**

**വാച്ചുമരം കോളനിയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി**

**ചോദ്യം**

**ശ്രീ. ബി.ഡി. ദേവസ്സി**

ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം കോളനിയിലെ ഭൂരഹിതരായ ആദിവാസികൾക്ക് വാച്ചുമരം കോളനിയ്ക്കടുത്തായ വനഭൂമി, കൃഷിയ്ക്കും വീട് വയ്ക്കുന്നതിനുമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. കെ.ബി. ഗണേഷ്കുമാർ**
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വാച്ചുമരം കോളനിയിലെ ഭൂരഹിതരായ ആദിവാസികൾക്ക് വാച്ചുമരം കോളനിയ്ക്കടുത്തായ വനഭൂമി, കൃഷിയ്ക്കും വീട് വയ്ക്കുന്നതിനുമായി നൽകുന്നതിന് 1980 ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ 2 പ്രകാരം കേന്ദ്ര ഗവൺമെൻറിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതനുസരിച്ച് വനഭൂമി വനേതര ആവശ്യങ്ങൾക്ക് വിനിയോഗി ക്കുന്നതിന് യൂസർ എജൻസി വിശദ വിവരങ്ങൾ സഹിതം നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തുടർനടപടികൾക്കായി സമർപ്പിക്കേണ്ട താണ്. കേരള വനം വകുപ്പ് മന്ത്രി വാച്ചുമരം ആദിവാസി കോളനി സന്ദർശിച്ചവേളയിൽ ഇതിലേക്കായി ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ യൂസർ ഏജൻസിയായ ട്രൈബൽ ഡിപ്പാർട്ടുമെന്റിലെ ചാലക്കുടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ യൂസർ ഏജൻസിയായ ട്രൈബൽ ഡിപ്പാർട്ടുമെന്റ് നിശ്ചിത മാതൃകയിലുള്ള അപേക്ഷ നൽകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ